REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-07-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ഇന്ത്യയിലെ മുതിർന്ന കമ്യൂണിസ്റ്റും, മുൻ മുഖ്യമന്ത്രിയുമായ VS അച്യുതാനന്ദന് രാഷ്ട്രീയ കേരളത്തിന്റെ ആദരാഞ്ജലി. വിയോഗത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുൾപ്പെടെ പ്രമുഖർ ദുഃഖമറിയിച്ചു.**
- **VS ന്റെ ഭൗതിക ശരീരം ഉച്ച കഴിഞ്ഞ് വിലാപയാത്രയായി ആലപ്പുഴയിലേക്ക്- സംസ്കാരം നാളെ വൈകിട്ട്.**
- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഉച്ചവരെ നിർത്തിവെച്ചു.**
- **വിദ്യാർത്ഥികളുടെ സുരക്ഷ ശക്തിപ്പെടുത്താൻ രാജ്യത്തെ എല്ലാ CBSE സ്കൂളുകളിലും CCTV ക്യാമറകൾ നിർബന്ധമാക്കി.**
- **ഇന്ത്യ -ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ അവസാന മത്സരം വൈകിട്ട്.**

## വാർത്തകൾ വിശദമായി

ഇന്ത്യയിലെ മുതിർന്ന കമ്യൂണിസ്റ്റും, ജനകീയ സമരമുഖങ്ങളിലെ നിത്യസാന്നിധ്യവുമായിരുന്ന വിപ്ലവനായകൻ, VS അച്യുതാനന്ദന് കണ്ണീരിൽ കുതിർന്ന അന്ത്യാഞ്ജലിയർപ്പിച്ച് രാഷ്ട്രീയ കേരളം. ഇന്നലെ രാത്രി തിരുവനന്തപുരം AKG പഠന കേന്ദ്രത്തിലെ പൊതുദർശനത്തിന് ശേഷം ഭൗതിക ദേഹം VS ന്റെ തിരുവനന്തപുരത്തെ വസതിയിൽ എത്തിച്ചു. മുഖ്യമന്ത്രി പിണറായി വിജയനടക്കം രാഷ്ട്രീയ - സാമൂഹിക രംഗത്തെ നിരവധി പേർ വീട്ടിലെത്തിയിരുന്നു. കുടുംബാംഗങ്ങളടക്കം ഒട്ടേറെപ്പേരുടെ ആദരാഞ്ജലിക്കു

ശേഷമാണ് രാവിലെ ഒൻപതിന് മൃതദേഹം ആംബുലൻസിൽ തിരവനന്തപുരം ദർബാർ ഹാളിൽ എത്തിച്ചത്.

അനേകായിരങ്ങളാണ് തുടർച്ചയായി പെയ്തുകൊണ്ടിരിക്കുന്ന മഴയിലും VS നെ അവസാനമായി ഒരു നോക്കുകാണാൻ ദർബാർ ഹാളിൽ എത്തിയത്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അടക്കം രാഷ്ട്രീയ - സാംസ്കാരിക മേഖലയിലെ നിരവധിയാളുകൾ ഭൗതികദേഹത്തിൽ അന്ത്യാഞ്ജലി അർപ്പിച്ചു. ഉച്ചയ്ക്ക് രണ്ട് മണിയോടെ പ്രത്യേകം അലങ്കരിച്ച വാഹനത്തിൽ വിലാപയാത്രയായി ഭൗതിക ശരീരം ആലപ്പുഴയിലേക്ക് കൊണ്ടുപോകും. ദേശീയപാത 66 വഴി ഭൗതികദേഹം, രാത്രി ഒൻപതോടെ ആലപ്പുഴയിലെ VS ന്റെ വസതിയിലെത്തിക്കും.

നാളെ രാവിലെ ഒൻപതു വരെ വീട്ടിലും തുടർന്ന് 10 മണിയോടെ CPIM ജില്ലാ കമ്മിറ്റി ഓഫീസിലും ഭൗതികദേഹം പൊതുദർശനത്തിന് വെയ്ക്കും. ശേഷം 11 മണി മുതൽ വൈകിട്ട് മൂന്ന് വരെ ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ പ്രത്യേകം ഒരുക്കിയ പന്തലിൽ പൊതുദർശനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. വൈകിട്ട് നാല് മണിയോടെ വലിയ ചുടുകാടിൽ ഔദ്യോഗിക ബഹുമതികളോടെയായിരിക്കും സംസ്കാര ചടങ്ങ്.

കൂടുതൽ വിവരങ്ങളുമായി ആലപ്പുഴ ജില്ലാ പ്രതിനിധി R രവികുമാർ.

.....(വോയ്സ്).....

പൊതുദർശനത്തിന് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി സഞ്ചാരികൾക്ക് ആലപ്പുഴ ബീച്ചിൽ നിയന്ത്രണവും നഗരത്തിൽ ഗതാഗതക്രമീകരണങ്ങളും ഏർപ്പെടുത്തി.

✪✪✪

VS അച്യുതാനന്ദന്റെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുൾപ്പെടെ നിരവധി നേതാക്കൾ ദുഃഖമറിയിച്ചു.

നീണ്ട പൊതുജീവിതത്തിനിടയിൽ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനായി അദ്ദേഹം പ്രവർത്തിക്കുകയും കേരളത്തിന്റെ വികസനത്തിന് സംഭാവന നൽകുകയും ചെയ്ത വ്യക്തിയായിരുന്നു VS എന്ന് രാഷ്ട്രപതി അനുസ്മരിച്ചു.

ജീവിതത്തിലെ നിരവധി വർഷങ്ങൾ പൊതുസേവനത്തിനും കേരളത്തിന്റെ പുരോഗതിക്കുമായി അദ്ദേഹം സമർപ്പിച്ചതായി പ്രധാനമന്ത്രി അനുശോചനസന്ദേശത്തിൽ പറഞ്ഞു.

✪✪✪

കർഷകർക്കും കർഷക തൊഴിലാളികൾക്കും വേണ്ടി ജീവിതാവസാനം വരെ പോരാടിയ നേതാവായിരുന്നു V.S എന്ന് മന്ത്രി K രാജൻ പറഞ്ഞു. കേരളത്തിൽ കമ്മ്യൂണിസ്റ്റ്കാർ നേതൃത്വം നൽകിയ കർഷക സമരങ്ങളിലെല്ലാം പങ്കെടുത്ത നേതാവായിരുന്നു VS എന്നും അദ്ദേഹം കൊല്ലം പത്തനാപുരത്ത് പറഞ്ഞു.

✪✪✪

കർഷക തൊഴിലാളി സമൂഹത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു VS അച്യുതാനന്ദന്റേതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് VM സുധീരൻ പറഞ്ഞു. അനീതിയ്ക്കെതിരെ എല്ലാ കാലത്തും നിലകൊണ്ട നേതാവെന്ന നിലയിൽ VS ന്റെ വിയോഗം കേരളത്തിന് കനത്ത നഷ്ടമാണെന്ന് അദ്ദേഹം ദർബാർ ഹാളിൽ ആദരാഞ്ജലി അർപ്പിച്ചതിനു ശേഷം പറഞ്ഞു.

✪✪✪

അധികാരത്തിനും സ്ഥാനമാനത്തിനുമപ്പുറം നിലപാടിലുറച്ചു നിന്ന പോരാളിയാണ് VS എന്ന് KK രമ MLA പറഞ്ഞു. VS ന്റെ വിയോഗത്തോടെ കമ്മ്യൂണിസ്റ്റ് സമര രാഷ്ട്രീയത്തിന്റെ ഒരു യുഗമാണ് അവസാനിച്ചതെന്നും, VS ന് ആദരാഞ്ജലി നേരാനെത്തിയ രമ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

VS. അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് സംസ്ഥാനത്ത് ഗവൺമെന്റ് പൊതുഅവധി നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഓഫീസുകൾക്കും, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അവധിയാണ്. ഇതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റിയൂട്ടറി സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയ്ക്കും, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരം അവധി നൽകിയിട്ടുണ്ട്.

മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണത്തിന്റെ ഭാഗമായി ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടി.

✪✪✪

ബ്രിട്ടീഷ് നാവികസേനയുടെ യുദ്ധവിമാനം F 35 B അറ്റകുറ്റപ്പണി പൂർത്തിയാക്കി ബ്രിട്ടനിലേക്ക് മടങ്ങി. ഇന്ന് രാവിലെ 11 ഓടെയാണ് വിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് യാത്ര തിരിച്ചത്. ജൂൺ 14 ന് സാങ്കേതിക തകരാറിനെ തുടർന്ന് യുദ്ധവിമാനം അടിയന്തരമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറക്കുകയായിരുന്നു. ബ്രിട്ടനിൽ നിന്ന് വിദഗ്ധസംഘമെത്തിയാണ് വിമാനത്തിന്റെ തകരാർ പരിഹരിച്ചത്.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലേക്ക് പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിന് കരടുപട്ടിക നാളെ പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30 ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു.

കരടുവോട്ടർപട്ടിക എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും, വില്ലേജ്, താലൂക്ക് ഓഫീസുകളിലും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും പരിശോധയ്ക്ക് ലഭിക്കും. ആഗസ്റ്റ് ഏഴു വരെ പട്ടികയിൽ പേരു ചേർക്കാൻ അവസരമുണ്ട്.

✪✪✪

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഉച്ചയ്ക്ക് രണ്ടു വരെ നിർത്തിവെച്ചു. സമ്മേളനം ആരംഭിച്ച് മിനിറ്റുകൾക്കകം പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് സ്പീക്കർ ഓം ബിർള സഭ ഉച്ചയ്ക്ക് 12 വരെയും പിന്നീട് രണ്ട് വരെയും നിർത്തിവെക്കുകയായിരുന്നു.

ബിഹാറിൽ തിരഞ്ഞെടുപ്പു കമ്മീഷന്റെ പ്രത്യേക സമഗ്ര വോട്ടർപ്പട്ടിക പുതുക്കൽ ഉൾപ്പെടെ വിഷയങ്ങളിൽ അടിയന്തര പ്രമേയത്തിന് അനുമതി തേടിയാണ് ഇരുസഭകളിലും പ്രതിപക്ഷ പ്രതിഷേധം.

✪✪✪

ഇന്ന് ദേശീയ പതാകാ ദിനം. 1947-ൽ ഭരണഘടനാ അസംബ്ലി, ഇന്ത്യൻ ദേശീയ പതാക അംഗീകരിച്ചതിന്റെ സ്മരണയ്ക്കായാണ് എല്ലാ വർഷവും ജൂലൈ 22 ദേശീയ പതാക ദിനമായി ആചരിക്കുന്നത്.

ഒരു രാഷ്ട്രം, ഒരു പതാക, ത്യാഗത്തിൽ ഐക്യപ്പെടുക, സമാധാനത്തിനായി പ്രതിജ്ഞാബദ്ധം എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

ISRO യും നാസയും ചേർന്ന് വികസിപ്പിച്ച 'നിസാർ' ഭൗമ നിരീക്ഷണ ഉപഗ്രഹം ഈ മാസം 30-ന് വൈകിട്ട് 5.40ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും. GSLV -F16 റോക്കറ്റ് ഉപയോഗിച്ചാണ് രണ്ടര ടണ്ണോളം ഭാരം വരുന്ന ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിക്കുന്നത്. നാസയുടേയും ISRO യുടേയും റഡാറുകൾ ഉപയോഗിച്ച് ഭൂമിയെ നിരീക്ഷിക്കുന്ന സംവിധാനമാണ് ഉപഗ്രഹത്തിൽ ഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

അന്താരാഷ്ട്ര നാണയ നിധിയുടെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ മലയാളിയായ ഗീതാ ഗോപിനാഥ് അടുത്ത മാസം അവസാനം പദവിയൊഴിയും.

ഹാർവാഡ് സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രൊഫസറായി മടങ്ങാനാണ് ഗീതയുടെ തീരുമാനം. 2019 ജനുവരിയിൽ IMF ന്റെ സാമ്പത്തിക മേധാവിയായി ചേർന്ന ഗീതാ ഗോപിനാഥ് 2022 ജനുവരിയിലാണ് ഫസ്റ്റ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി സ്ഥാനക്കയറ്റം നേടിയത്.

✪✪✪

കോയമ്പത്തൂരിലെ അമൃത വിശ്വ വിദ്യാപീഠത്തിന് തീര പുനസ്ഥാപന പഠനത്തിന് ഒരു കോടി 20 ലക്ഷം രൂപ കേന്ദ്ര സാമൂഹ്യ ശാസ്ത്ര ഗവേഷണ കൗൺസിൽ ഗ്രാൻഡ് അനുവദിച്ചു. ഇന്ത്യൻ തീര മേഖലയിലെ ദുരന്താനന്തര ഭവന നിർമ്മാണവും, ജീവനോപാധി ലഭ്യതയും സംബന്ധിച്ച പഠനത്തിനാണ് ധനസഹായം അനുവദിച്ചത്.

✪✪✪

ഹരിയാനയിലും ഡൽഹിയിലെ ചില പ്രദേശങ്ങളിലും രാവിലെ ഭൂചലനം അനുഭവപ്പെട്ടു. റിക്ടർ സ്കെയിലിൽ 3.2 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം രാവിലെ ആറരയോടെയാണ് ഉണ്ടായത്. ഫരീദാബാദ് ആയിരുന്നു പ്രഭവകേന്ദ്രം. നാശനഷ്ടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

വിദ്യാർത്ഥികളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് രാജ്യത്തെ എല്ലാ CBSE സ്കൂളുകളിലും ഹൈ റെസല്യൂഷൻ CCTV ക്യാമറകൾ നിർബന്ധമാക്കി. ടോയ്‌ലറ്റുകളും വാഷ്റൂമുകളും ഒഴികെ പ്രവേശന കവാടങ്ങൾ, ഇടനാഴികൾ, പടികൾ, ക്ലാസ് മുറികൾ, ലാബുകൾ, ലൈബ്രറികൾ, കാന്റീനുകൾ, കളിസ്ഥലങ്ങൾ, മറ്റ് പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ ക്യാമറ സ്ഥാപിക്കണം. തത്സമയ റെക്കോർഡിംഗും, 15 ദിവസം ദൃശ്യങ്ങൾ സൂക്ഷിക്കാൻ സൗകര്യവും ഉണ്ടാകണം. ഇന്നലെയാണ് ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചത്.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഒഴികെ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ചവരെ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യ ബന്ധനത്തിന് പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദേശം നൽകി.

✪✪✪

ഇന്ത്യ -ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ അവസാന മത്സരം ഇംഗ്ലണ്ടിലെ ചെസ്റ്റർ -ലെ സ്ട്രീറ്റിൽ വൈകിട്ട് അഞ്ചരയ്ക്ക് ആരംഭിക്കും.ഓരോ മത്സരം ജയിച്ച ഇരു ടീമുകൾക്കും പരമ്പര സ്വന്തമാക്കണമെങ്കിൽ ജയം അനിവാര്യമാണ്.

✪✪✪

ഇംഗ്ലണ്ടിനെതിരായ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തുടങ്ങും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് മാഞ്ചസ്റ്ററിലെ എമിറേറ്റ്സ് ഓൾഡ് ട്രാഫോർഡിലാണ് മത്സരം. അഞ്ച് മത്സര പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

✪✪✪

തുടർച്ചയായി രണ്ടാം തവണയും ഗോതിയ സ്പെഷ്യൽ ഒളിമ്പിക്സ് ട്രോഫി നേടിയ സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് ഫുട്ബോൾ ടീമിനെ കേന്ദ്രസഹമന്ത്രി രക്ഷാ ഖഡ്സെ അഭിനന്ദിച്ചു. സ്പോർട്സിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന ശാക്തീകരണം എന്ന വികസിത ഭാരതത്തിന്റെ ദർശനത്തിന് തെളിവാണിതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*